# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടകരപ്പതി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD(11) 212/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 13/02/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടകരപ്പതി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD(11) 212/23 തീയ്യതി: 13/02/2023

## പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-10-2021 മുതൽ 20-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-12-2022 | 27-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-12-2022 | 27-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത.യു.,ഓഡിറ്റ് ഓഫീസർ
ശ്രീമതി സുജാത.എ., അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി രമാദേവി കെ.,ആർ സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ കന്തസ്വാമി ഐ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
| --- | --- | --- | --- |
| ശ്രീ ജോസി ബ്രിട്ടോ. ഡി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ രഘുനാഥൻ. ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |
| ശ്രീ ജോയ് ജോൺ | സെക്രട്ടറി | 08-04-2021 | 05-09-2021 |
| ശ്രീ രഘുനാഥൻ. ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-09-2021 | 16-09-2021 |
| ശ്രീ ജോയ് ജോൺ | സെക്രട്ടറി | 17-09-2021 | 23-09-2021 |
| ശ്രീ രഘുനാഥൻ. ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-09-2021 | 12-10-2021 |
| ശ്രീ വിനോദ് കുമാർ വി | സെക്രട്ടറി | 13-10-2021 | 19-11-2021 |
| ശ്രീ രഘുനാഥൻ. ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-11-2021 | 12-12-2021 |
| ശ്രീ വിനോദ് കുമാർ വി | സെക്രട്ടറി | 13-12-2021 | 09-03-2022 |
| ശ്രീ രഘുനാഥൻ. ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
| --- | --- | --- | --- |
| ശ്രീ അലക്സിസ്. വി | കൃഷി ഓഫീസർ | 01-04-2021 | 20-10-2021 |
| ശ്രീമതി ജെസ്സി.എ | കൃഷി ഓഫീസർ | 21-10-2021 | 28-10-2021 |
| ശ്രീമതി ഷെറിൻ ലിൻസി.എ | കൃഷി ഓഫീസർ | 29-10-2021 | 31-03-2022 |
| ശ്രീ രഘുനാഥൻ.ആർ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി അഫ്ന എം.എസ് | ഡയറി ഏക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 18-04-2023 |
| ശ്രീമതി സുജിത.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 31-03-2022 |
| ശ്രീമതി ഗ്രേസ് ആന്റോ രജിത | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീ സൈനുലബ്ദീൻ. എ | അസി.എൻജിനിയർ ഇൻ-ചാർജ്ജ് | 01-04-2021 | 12-07-2021 |
| ശ്രീ സേതു | അസി.എൻജിനിയർ | 13-07-2021 | 27-07-2021 |
| ശ്രീമതി അണിമ സുഭാഷ് | അസി.എൻജിനിയർ | 28-07-2021 | 31-03-2022 |
| ശ്രീ പ്രഭുറാം. എസ് | വി.ഇ.ഒ 1 | 01-04-2021 | 31-03-2022 |
| ശ്രീ കൃഷ്ണദാസ് | വി.ഇ.ഒ-2 | 01-04-2021 | 31-03-2022 |
| ശ്രീമതി ഹീര ടി.എസ് | ഐ.സി.ഡി.എസ് സൂപ്പർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | വൈസർ | | |
| ശ്രീ ഫ്രാൻസിസ് അർപ്പുത ദാസ്.ആർ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഡോ. ബർദ്ദീഷാ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ. ആൻസി സാമുവൽ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീ രാമനാരായണൻ | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരങ്ങൾ | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2-1 |
| 4 | WGDP അക്കൗണ്ട് ക്ലോസ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ് | 1-2-2 |
| 5 | സാമ്പത്തിക വിശകലനം | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമപദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | തൊഴിൽ നികുതി- അപാകതകൾ | 1-11 |
| 14 | ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. | 1-12 |
| 15 | അനധികൃത നിർമ്മാണം- പൂർണ്ണമായ വിവരങ്ങൾ സൂക്ഷിക്കുന്നില്ല. | 1-13 |
| 16 | അഹല്യ ക്യാംപസ്- അനധികൃത നിർമ്മാണങ്ങൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല. | 1-14 |
| 17 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃകമ്മറ്റികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-15 |
| 18 | വാട്ടർ അതോറിറ്റി മുഖേനയുള്ള പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-16 |
| 19 | ജൈവമാലിന്യ സംസ്കരണ പ്ലാന്റ്-പൂർത്തീകരിച്ചിട്ടില്ല | 1-17 |
| 20 | എം.സി.എഫിൽ സ്ഥാപിച്ച ബെയ്‌ലിങ്ങ് മെഷീൻ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-18 |
| 21 | എസ് എസ് എ വിഹിതം നല്കിയത്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-19 |
| 22 | STവിദ്യാർത്ഥികൾക്ക് മേശ,കസേര വാങ്ങൽ- വിതരണം അപൂർണം | 1-20 |
| 23 | സമഗ്ര അങ്കണവാടി പോഷകാഹാരം-സ്രോതസ്സിൽ നിന്നും ജി എസ് ടി കുറവ് ചെയ്തില്ല | 1-21 |
| 24 | അങ്കണവാടി കെട്ടിടങ്ങൾ- ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ് | 1-22 |

| | | |
|---|---|---|
| 25 | ലൈഫ് ഭവനം - ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമാണം- അധികം തുക അനുവദിച്ചു | 1-23 |
| 26 | PMAY പദ്ധതിയ്ക്ക് വിഹിതം നല്കിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-24 |
| 27 | വി ഇ ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ - വാങ്ങൽ നടപടിയിൽ അപാകം | 1-25 |
| 28 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം | 1-26 |
| 29 | എസ്റ്റിമേറ്റ് തയ്യാറാക്കൽ - കേരള പൊതുമരാമത്ത് വകുപ്പ് മാനുലിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ് | 1-27 |
| 30 | ശൊരപ്പാറ പുതിയ അങ്കണവാടി നിർമ്മാണം -പൊളിച്ചു മാറ്റിയ സാമഗ്രികളുടെ ലേല നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-28 |
| 31 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലതാമസം - പൊതുമരാമത്ത് വകുപ്പ് മാനുലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല | 1-29 |
| 32 | വേലന്താവളം ബസ് സ്റ്റാൻഡിലെ കടമുറികളുടെ വിനിയോഗ സാധ്യത പരിശോധിക്കേണ്ടതാണ് | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ധനകാര്യ സ്ഥിരം സമിതിയുടെ 18-02 -2021 തീയതിയിലെ 3- ാം നമ്പർ തീരുമാന പ്രകാരവും, ഭരണ സമിതിയുടെ യോഗത്തിലെ 20-02-21 തീയതിയിലെ തീരുമാനം നം.1 പ്രകാരവും 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 2,41,24,723 |
| തൻവർഷം വരവ് | 30,43,52,000 |
| ആകെ വരവ് | 32,84,76,723 |
| ചെലവ് | 30,18,59,000 |
| നീക്കിയിരിപ്പ് | 2,66,17,723 |

ധനകാര്യ സ്ഥിരം സമിതിയുടെ 17.03.22 തീയതിയിലെ 4-ാം നമ്പർ തീരുമാന പ്രകാരവും, ഭരണസമിതിയുടെ 23.03.22 തീയതിയിലെ 6(1)-ാം നമ്പർ തീരുമാന പ്രകാരവും ബജറ്റ് റിവൈസ് ചെയ്തത് അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരങ്ങൾ

2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികകൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

സി) ചട്ടം 62(3) – മുൻ വർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

2.ബാലൻസ് ഷീറ്റിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല.

3.ട്രേഡേഴ്സിന്റെ ഡാറ്റ വാർഡ് തിരിച്ച് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ്, ലൈസൻസ് ഫീ എന്നിവയുടെ കൃത്യത ഉറപ്പാക്കാനായില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർത്തീകരിച്ച് വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം ക്രമീകരിക്കുവാനുള്ള അഡ്വാൻസ് തുകകളുടെ വിശദവിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലഡ്ജറുകളിലും Narration കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഷെഡ്യൂൾ ബി-18 പ്രകാരം ക്രമീകരിക്കുവാനുള്ള അഡ്വാൻസ് തുകകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ഹെഡ് | തുക |
|---|---|---|
| നിക്ഷേപ പ്രവൃത്തികൾ - കേരള വാട്ടർ അതോറിറ്റി | 460500201 | 4741000 |
| നിക്ഷേപ പ്രവൃത്തികൾ- കെ.എസ്.ഇ.ബി | 460500202 | 1168790 |

മേൽ പ്രകാരമുള്ള തുകകളുടെ വിശദവിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കുവാനുള്ള തുക ഏതെല്ലാം പദ്ധതികൾ പ്രകാരമുള്ളവയാണെന്ന് കണ്ടെത്തി തുകയുടെ വിനിയോഗ വിവരം അതാത് നിർവ്വഹണ ഏജൻസികളിൽ നിന്ന് ലഭ്യമാക്കി പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

### 1-2-1 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 03-06-2022 | - | - |

### 1-2-2 WGDP അക്കൗണ്ട് ക്ലോസ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്

WGDP ക്കായി ആരംഭിച്ചതും ഇപ്പോൾ നിഷ്ക്രിയമായി കിടക്കുന്നതുമായ അക്കൗണ്ടിൽ നിലവിൽ 472126/-രൂപ നീക്കിയിരുപ്പുണ്ട്. പ്രസ്തുത അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനായി പഞ്ചായത്ത് ജില്ലാ പ്ലാനിങ്ങ് ഓഫീസിലേക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 26.10.22ന് (ബഹു.ജില്ലാ കളക്ടറുടെ 456/2016/DPO/PKD/WGDPനം. കത്ത് പ്രകാരം) മണ്ണ് പര്യവേക്ഷണ വകുപ്പുമായി ബന്ധപ്പെടാൻ പഞ്ചായത്തിനോട് അറിയിച്ചിട്ടുള്ളതാണ്. ഇതനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി 28.11.22ന് പഞ്ചായത്തിൽ നിന്ന് മണ്ണ് പര്യവേക്ഷണ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16019126 |
| വരവ് | 88778208 |
| ആകെ | 104797334 |
| ചെലവ് | 89227928 |
| നീക്കിയിരിപ്പ് | 15569406 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| *വികസനഫണ്ട് -ജനറൽ | 0 | 14583957 | 14583957 | 14472220 | 111737 |
| **വികസനഫണ്ട് - എസ്.സി.പി | 0 | 3775825 | 3775825 | 3455000 | 320825 |
| ***വികസനഫണ്ട് - ടി.എസ്.പി | 0 | 2503012 | 2503012 | 2261842 | 241170 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 18681369 | 18681369 | 8975675 | 9705694 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 11336769 | 11336769 | 8943196 | 2393573 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് ഗ്രാന്റ് - ബാങ്ക് | 0 | 5866000 | 5866000 | 2939180 | 2926820 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- ട്രഷറി | 0 | 8930292 | 8930292 | 4144141 | 4786151 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ്- ഗ്രാന്റ്- ബാങ്ക് | 0 | 3972992 | 3972992 | 2505002 | 1467990 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺ ടൈഡ് ഗ്രാന്റ്-ട്രഷറി | 0 | 6045511 | 6045511 | 3628040 | 2417471 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 970275 | 988888 | 1959163 | 750000 | 1209163 |
| സമ്പൂർണ്ണ ശുചിത്വ മിഷൻ ഗ്രാന്റ് | 1949382 | 2592000 | 4541382 | 4224580 | 316802 |

തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1060 | 403156 | 404216 | 401858 | 2358 |
| എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 52331000 | 52331000 | 52331000 | 0 |
| ആകെ | 1060 | 52944156 | 52945216 | 52942858 | 2358 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 2000000 | 600000 | 2600000 | 2220000 | 380000 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം (Solid Waste Management) | 116021 | 0 | 116021 | 0 | 116021 |
| ആശ്രയ | 0 | 729200 | 729200 | 729200 | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ് (Pre Monsoon) | 0 | 170000 | 170000 | 0 | 170000 |

(*) ജി.ഒ പ്രൊജക്ടുകളായ ആയ അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാമുതൽ തിരിച്ചടവ് എന്നിവയുടെ Source Deductions ആയ 6527045/-രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവ് ചെലവുകളിൽ ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പമുതൽ തിരിച്ചടവ് Source Deduction തുകയായ 250333/-രൂപ മേൽ

പട്ടികയിലെ വികസന ഫണ്ട് - SCP വരവ് ചെലവുകളിൽ ഉൾപ്പെട്ടിട്ടില്ല.
(***) ലൈഫ് മിഷൻ വായ്പമുതൽ തിരിച്ചടവ് Source Deduction തുകയായ 95888/-രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - TSP വരവ് ചെലവുകളിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിക്കേണ്ട ഗ്രാന്റ് വിനിയോഗപത്രിക, ACR എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഗ്രാന്റുകളുടെ വിനിയോഗം ഉൾപ്പെടുത്തിയിട്ടുള്ളത്.
ഗ്രാന്റ് വിനിയോഗപത്രിക പരിശോധിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.
1. വികസന ഫണ്ട് (ജനറൽ) – അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയുടെ Source Deduction തുകയായ 6527045/-രൂപ വികസന ഫണ്ട് – ജനറൽ വരവിൽ ഉൾപ്പെടുത്താതെ ചെലവിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ നീക്കിയിരിപ്പ് മൈനസാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 172 | 107054495 | 135 | 64398798 | - | 37 | 78 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 78% എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 60% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.
നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3 | 5468289 | 651194 | 12 |
| വെറ്ററിനറി സർജൻ | 1 | 1 | 490000 | 490000 | 100 |
| മെഡിക്കൽ ഓഫീസർ-PHC | 12 | 12 | 2980166 | 2214470 | 74 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 520000 | 511239 | 98 |
| വി.ഇ.ഒ -1 | 9 | 9 | 32195474 | 18992900 | 59 |
| വി.ഇ.ഒ -2 | 8 | 5 | 5155342 | 2471077 | 48 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 4 | 5820750 | 3797983 | 65 |
| സെക്രട്ടറി | 27 | 21 | 13541592 | 10097519 | 75 |
| അസി.സെക്രട്ടറി | 7 | 3 | 1740360 | 988200 | 57 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 82 | 67 | 30520198 | 19340232 | 63 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 2367000 | 2367000 | 100 |
| ഹെഡ്മാസ്റ്റർ | 6 | 4 | 2442324 | 1722109 | 71 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 1 | 3813000 | 754875 | 20 |
| ആകെ | 172 | 135 | 107054495 | 64398798 | 60 |

നിർവ്വഹണോദ്യോഗസ്ഥരായ കൃഷി ഓഫീസർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ എന്നിവർ നിർവ്വഹിച്ചിട്ടുള്ള ചെലവ് 20%ത്തിൽ താഴെ മാത്രമാണ്

സുഭിക്ഷ കേരളം - ഭക്ഷ്യോല്പ്പാദന വർദ്ധനവിനുള്ള ആസൂത്രണ സാമ്പത്തിക വകുപ്പിന്റെ മാർഗ്ഗരേഖ (കൃഷി, ക്ഷീരവികസനം, മൃഗസംരക്ഷണം, മത്സ്യബന്ധനം)- സ.ഉ (കൈ)നം. 14/2020/ആ. സാ.വ തീയതി 18.05.2020, സ.ഉ(സാധാ) നം.928/2020/ത.സ്വ.ഭ.വ തീയതി 20.05.20എന്നിവ പ്രകാരം പ്രസ്തുത മേഖലകളിൽ 2021-22 വാർഷിക പദ്ധതിയുടെ ഭാഗമായി സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

വടകരപ്പതി ഗ്രാമപഞ്ചായത്ത് ഒരു കാർഷിക മേഖലയായതിനാൽ സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കാൻ സാദ്ധ്യതകളേറെയുണ്ട്. എന്നാൽ ജനറൽ ഫണ്ടിൽ നിന്നും 54 ലക്ഷത്തിലധികം രൂപ കാർഷിക മേഖലയിൽ വകയിരുത്തി നെൽകൃഷി കൂലിചെലവ് നൽകൽ മാത്രമാണ് കൃഷി ഓഫീസറുടെ പ്രൊജക്ടായി ഉൾപ്പെടുത്തിയിട്ടുള്ളത്. വിവിധ മേഖലകളിൽ ഭക്ഷ്യോല്പാദന വർദ്ധനവുമായി ബന്ധപ്പെട്ട പദ്ധതികൾ സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1060 | 403156 | 404216 | 401858 | 2358 |
| എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 52541000 | 52541000 | 52541000 | 0 |
| ആകെ | 1060 | 52944156 | 52945216 | 52942858 | 2358 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | വാർഷിക കണക്ക് പ്രകാരം ചെലവ് രേഖപ്പെടുത്തിയ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 2621600 | 179 |
| 2 | വിധവാ പെൻഷൻ | 21011000 | 1399 |
| 3 | വാർദ്ധക്യകാല പെൻഷൻ | 34514800 | 2429 |
| 4 | വികലാംഗ പെൻഷൻ | 5066500 | 329 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1540000 | 100 |
| 6 | തൊഴിലില്ലായ്മ വേതനം | 10200 | 5 |
| 8 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 240000 | 8 |

### 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-12-2022 ന് സ്ഥാപനത്തിലെ ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തി. 35084/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 2022 ജൂലൈ പ്രാബല്യത്തിൽ പുതുക്കേണ്ടതുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

പൗരാവകാശ രേഖ 2021 ൽ പുതുക്കിയിട്ടുണ്ട്.

സംയുക്ത പ്രൊജക്ടുകളുടെ നീക്കിയിരുപ്പിന്റെ വിശദവിവരങ്ങൾ (ബാലൻസ് ഷീറ്റ് പ്രകാരമുള്ളത്) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ട്രേഡേഴ്സിന്റെ ഡാറ്റ വാർഡ് തിരിച്ച് കാലികമാക്കി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപണിയുമായി ബന്ധപ്പെട്ട പരാതി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ റോഡുകളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന്റെ Documentation പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്.

സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

പ്രധാനപ്പെട്ട തനത് വരുമാന സ്രോതസ്സുകളായ വസ്തു നികുതി, വെള്ളക്കരം എന്നിവയുടെ കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-09-2022 | ആഗസ്റ്റ്2022 | 20.09.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.04.2015 | 2014-15 | 10.07.2015 |

ഗുരുതരമായ ക്രമക്കേടുകളൊന്നും മേൽ റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടില്ല.

1-11 തൊഴിൽ നികുതി- അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. വടകരപ്പതി ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ തൻവർഷം ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിൽ 1188950 രൂപയുടെ വരവുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്ററിൽ ഒന്നാം അർദ്ധവർഷം ഈടാക്കിയ ജീവനക്കാരുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് മൂലം തൊഴിൽ നികുതി വരവിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ പൂർത്തിയാക്കി ഇവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.25)

1-12 ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക 5 ൽ ക്ലിയറൻസ് ആവശ്യമായ വ്യവസായങ്ങളായി ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്നവയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് ക്ലിയറൻസ് ലഭ്യമാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത് . ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പിൽനിന്ന് ക്ലിയറൻസ് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.25)

1-13 അനധികൃത നിർമ്മാണം- പൂർണ്ണമായ വിവരങ്ങൾ സൂക്ഷിക്കുന്നില്ല.

അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ, ഏതുതരം ചട്ടലംഘനമാണ് നടത്തിയത് , ടി ലംഘനം പ്രതിപാദിക്കുന്ന റൂൾസ്, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവ രേഖപ്പെടുത്തുന്നതിനായുള്ള അനധികൃത നിർമ്മാണ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ ഓരോ 3 മാസം കൂടുമ്പോഴും ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ്, റെഗുലറൈസേഷൻ എന്നിവയ്ക്കായി ലഭിച്ച അപേക്ഷകളുടെ എണ്ണം, ഇവയിൽ നടപടികൾ സ്വീകരിച്ചവ, നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ, അനധികൃത നിർമ്മാണങ്ങളുടേയും ആയതിന്മേൽ സ്വീകരിച്ച തുടർനടപടികളുടേയും വിവരം എന്നിവ സർക്കാരിനെ അറിയിക്കേണ്ടതാണ്. ഫയലുകൾ പരിശോധിച്ചതിൽ ടി വിവരങ്ങൾ രേഖപ്പെടുത്തി

വെയ്ക്കുകയോ ഇവ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല. ഇവ സർക്കാർ ഉത്തരവുകളുടെ ലംഘനമായി വിലയിരുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.25)

1-14 അഹല്യ ക്യാംപസ്- അനധികൃത നിർമ്മാണങ്ങൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല.

അഹല്യ എഞ്ചിനീയറിംഗ് കോളേജിന്റെ കീഴിൽ 935.93 ച.മീറ്റർ വിസ്തൃതിയുള്ള മെസ്സ് ബ്ലോക്ക് കെട്ടിടം, വർക്ക്ഷോപ്പ് കെട്ടിടം എന്നിവ പണി പൂർത്തീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തതിനാൽ ടി കെട്ടിടം ക്രമവത്ക്കരിച്ച് നൽകുവാൻ സാധ്യമല്ല എന്ന് അഹല്യ ഇന്റർനാഷണൽ ഫൗണ്ടേഷനെ അറിയിച്ചിട്ടുണ്ട്. ആവശ്യമായ രേഖകൾ സമർപ്പിക്കാത്തതിനാൽ കെട്ടിടം ഇതുവരെയും ക്രമവത്ക്കരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും നാളിതുവരെ ഈ വിഷയത്തിൽ തുടർ നടപടികൾ ഉണ്ടായിട്ടില്ല. കെട്ടിടം ഇപ്പോഴും അനധികൃതമായി പ്രവർത്തിച്ച് വരുന്നുവെങ്കിലും കെട്ടിടത്തിന് അനധികൃതനിർമ്മാണമായി പരിഗണിച്ച് യു.എ നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ അനധികൃത നിർമ്മാണങ്ങൾക്കെതിരായി ചട്ടപ്രകാരം നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. എന്നാൽ മേൽകെട്ടിടങ്ങൾക്ക് യു.എ നമ്പർ അനുവദിച്ച് വസ്തുനികുതി ഈടാക്കാമായിരുന്നിട്ടും അത് ചെയ്തിട്ടില്ല. തൻമൂലം പഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക നഷ്ടമായിട്ടുണ്ട്. അഹല്യ എഞ്ചിനീയറിംഗ് കോളേജ് മെസ്സ് ബ്ലോക്ക് കെട്ടിടം, എഞ്ചിനീയറിംഗ് കോളേജിന്റെ വർക്ക്ഷോപ്പ് കെട്ടിടം എന്നിവയ്ക്ക് യു.എ നമ്പർ നൽകി ഈ കെട്ടിടങ്ങൾ എന്നു മുതലാണ് പ്രവർത്തനം ആരംഭിച്ചത് എന്ന് പരിശോധിച്ച് അന്ന് മുതൽ ഇതുവരെയുള്ള വസ്തുനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.25)

1-15 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃകമ്മറ്റികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

സർക്കാർ ഉത്തരവ് (സാധാ) 1275/2009 / ത.സ്വ.ഭ.വ തീയ്യതി 30.05. 2009പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വടകരപ്പതി ഗ്രാമപഞ്ചായത്തിൽ 8 കുടിവെള്ള പദ്ധതികൾ നേരിട്ട് നടത്തുന്നുണ്ട്. കുടിവെള്ള പദ്ധതികളുടെ കറണ്ട് ചാർജ്, പമ്പ് ഓപ്പറേറ്റർ വേതനം, മെയിന്റനൻസ് ചെലവ് എന്നീയിനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | 2021-22 |
|---|---|
| വൈദ്യുതി ചാർജ്ജസ് | 753739 |
| ആസ്തി പരിപാലന ചെലവ് | 287639 |
| പമ്പ് ഓപ്പറേറ്റർമാരുടേയും, പ്ലംബറുടേയും വേതനം | 590300 |
| ആകെ | 1631678 |

8 കുടിവെള്ള പദ്ധതികൾക്ക കീഴിലായി 1363 കണക്ഷനുകളാണ് ഉള്ളത്. ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസം 100 രൂപയും ഗാർഹികേതര ഉപഭോക്താക്കൾക്ക് 150 രൂപയുമാണ് പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. ഈ പദ്ധതികളിൽ നിന്നും ഓഡിറ്റ് വർഷത്തിൽ 150410/- രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്.

വാർഷികകണക്കിലെ ബാലൻസ് ഷീറ്റിൽ 31.03.2022 വരെ കുടിശ്ശികയടക്കം 3513272/- രൂപ

ഗുണഭോക്താക്കളിൽ നിന്നും കുടിശ്ശികയായി പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. കുടിവെള്ള പദ്ധതിയിൽ നിന്നുള്ള വരവും ചെലവും തമ്മിൽ ഭീമമായ അന്തരമാണ് നിലവിലുള്ളത്.

ഓരോ കുടിവെള്ള പദ്ധതിയിൻ കീഴിലും എത്ര ഗുണഭോക്താക്കൾ ഉണ്ടെന്നത് സംബന്ധിച്ച് വാർഡടിസ്ഥാനത്തിലുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/26.12.202) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)വെള്ളക്കരത്തിലുള്ള കുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കി കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിന്റെ സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിശദ വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-16 വാട്ടർ അതോറിറ്റി മുഖേനയുള്ള പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ജല അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 427 പൊതു ടാപ്പുകൾക്കുള്ള തുക ഡിമാന്റ് ചെയ്ത് ടാപ്പൊന്നിന് 5512.50 രൂപ നിരക്കിൽ 11/2022 വരെ പ്രതിമാസം 186813/- രൂപ അടവാക്കിയിട്ടുണ്ട്. ഡിസംബർ 2021 മുതൽ ടാപ്പുകളുടെ എണ്ണം 65 ആയി കുറച്ചുകൊണ്ടുള്ള ഡിമാന്റാണ് വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടുള്ളത്. ഓരോ മാസത്തെയും ഡിമാന്റിനോടൊപ്പം കുടിശ്ശിക തുകയും പിഴയും ഡിമാന്റ് ചെയ്തിരിക്കുന്നു. 2021-22 വർഷാരംഭത്തിൽ ഡിമാന്റ് ചെയ്ത കുടിശ്ശികയുടെയും വർഷാവസാനം ഉള്ള കുടിശ്ശികയുടെയും വിവരം താഴെ ചേർക്കുന്നു.

| | ഏപ്രിൽ 2021 ലെ ഡിമാന്റ് പ്രകാരമുള്ള കുടിശ്ശിക | മാർച്ച് 2022 ലെ ഡിമാന്റ് പ്രകാരമുള്ള കുടിശ്ശിക |
|---|---|---|
| കുടിശ്ശികതുക | 172205 | 389587 |
| ഫൈൻ | 3381 | 7642 |
| പ്രതിമാസചാർജ് | 205359 | 29862 |
| ആകെ | 380945 | 427091 |

ഗ്രാമപഞ്ചായത്ത് എല്ലാ മാസവും കൃത്യമായി കുടിവെള്ളചാർജ് അടവാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കുടിശ്ശിക ഉണ്ടാവാനുള്ള സാഹചര്യം വ്യക്തമല്ല. വർഷാരംഭത്തിലെ കുടിശ്ശിക ഇരട്ടിയിലധികമായിട്ടാണ് വർഷാവസാനമാകുമ്പോഴേക്കും വർദ്ധിച്ചിട്ടുള്ളത്. ഇത്തരത്തിൽ കുടിശ്ശിക തുക വർദ്ധിച്ചതിന്റെ സാംഗത്യം വ്യക്തമാകുന്നില്ല. അരിയർ തുക വാർഷികകണക്കിൽ ലയബിലിറ്റിയായി ഉൾപ്പെടുത്തിയിട്ടില്ല. ഈ കുടിശ്ശിക ഏത് കാലയളവിലുള്ളതാണെന്നും കുടിശ്ശിക ഉണ്ടാവാനുള്ള കാരണവും അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/26.12.2022) മറുപടി ലഭ്യമാക്കിയില്ല.

വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശിക തുക സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനുള്ള

നടപടി സ്വീകരിക്കേണ്ടതും കുടിശ്ശിക തുക ക്രമീകരിക്കേണ്ടതുമാണ്.

1-17 ജൈവമാലിന്യ സംസ്കരണ പ്ലാന്റ്-പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണം- സെക്രട്ടറി

പ്രൊജക്ട് നം.179/22(കമ്മ്യൂണിറ്റി കമ്പോസ്റ്റ് യൂണിറ്റുകൾ)

ചെലവ്-180000/-(ബിൽനം.22101043/30.3.22-172800/-,22101044/30.3.22-1800, 22101045/31.3.22-1800 , 22101046/30.3.22 -1800,22101047/31.3.22-1800)

വേലന്താവളം ഐ എച്ച് ഡി പി കോളനിയിലും ചിന്നകൗണ്ടന്നൂർ എന്ന പ്രദേശത്തുമായി രണ്ട് തുമ്പൂർമുഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി ഐ.ആർ.ടി.സി മുണ്ടൂരിനെയാണ് നിയോഗിച്ചിട്ടുള്ളത്. പദ്ധതിക്ക് 600000/- രൂപയുടെ എസ്റ്റിമേറ്റ് ഐ.ആർ.ടി.സിയിൽനിന്നും ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഷെഡ് നിർമ്മിച്ച് അതിൽ മാലിന്യസംസ്കരണത്തിനായി രണ്ട് ബിന്നുകൾ സ്ഥാപിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

താഴെപ്പറയുന്ന രീതിയിലാണ് ഫണ്ട് വകയിരുത്തിയിട്ടുള്ളത്.

| ഫണ്ടിനം | വകയിരുത്തിയ തുക |
|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 180000 |
| കേന്ദ്രഫണ്ട് | 420000 |
| ആകെ | 600000 |

ശുചിത്വമിഷനിൽ നിന്നും സാങ്കേതികാനുമതി ലഭ്യമാക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എൽ എസ് ജി ഡി അസി. എഞ്ചിനീയറാണ് സാങ്കേതികാനുമതി നൽകിയിട്ടുള്ളത്. 19.3.22 തീയതിയിലെ 1(1) നം.തീരുമാനംപ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് ഐ ആർ ടി സിയുമായി എഗ്രിമെന്റ് വെക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്.

നിർവ്വഹണ ഏജൻസിയായ IRTC, മുണ്ടൂരുമായി 19.3.22 ന് ഒപ്പുവെച്ച ധാരണാപത്രം അനുസരിച്ച് അടങ്കൽ തുകയുടെ 30% തുക അഡ്വാൻസായി നല്കുന്നതിനും ആയതിന്റെ 90% വിനിയോഗിച്ച് വിനിയോഗസാക്ഷ്യപത്രം നല്കുന്ന മുറയ്ക്ക് അടുത്ത ഗഡു (20%) IRTC ക്ക് നൽകേണ്ടതുമാണ്. അഡ്വാൻസ് കൈപ്പറ്റി 4 മാസത്തിനകം IRTC പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്. IRTC യുമായി ചമച്ചിട്ടുള്ള കരാർ പ്രകാരം (കരാർ നം.എ3-1280/22,19.3.22) 2 സ്ഥലത്ത് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിനുള്ള മുൻകൂർ തുക 180000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

ഐ എച് ഡി പി കോളനിയിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് പൊതുജനങ്ങളിൽ നിന്ന് പരാതി ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ വാർഡ് 10ൽ ചന്ദ്രനഗർ എസ് സി കോളനിയിൽ സ്ഥാപിക്കുന്നതിന് 9.6.22തീയതിയിലെ 1(1) പ്രകാരം തീരുമാനിക്കുകയും സെക്രട്ടറിയുടെ എ3-1280/22 തീയതി-26.8.22 നം. കത്ത് പ്രകാരം ഐ ആർ ടിസി യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

പ്രവർത്തി പൂർത്തീകരണത്തിന്റെ സമയപരിധി കഴിഞ്ഞിട്ടും നാളിതുവരെയും കമ്പോസ്റ്റ് യൂണിറ്റിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഫയൽ പ്രകാരം തുടർന്നുള്ള ഗഡുക്കൾ അനുവദിച്ചിട്ടില്ല. പദ്ധതിയുടെ പുരോഗതി വിവരം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/24.12.2022) മറുപടി ലഭ്യമാക്കിയില്ല.

പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണത്തിനുശേഷം ജൈവമാലിന്യ പ്ലാന്റ് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് തുടർ

മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.

1-18 എം.സി.എഫിൽ സ്ഥാപിച്ച ബെയ്ലിങ്ങ് മെഷീൻ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രോജക്ട് - 102/22, സമഗ്ര ശുചിത്വപരിപാലനം

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.സെക്രട്ടറി

അടങ്കൽ - 700000 (സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 513200/-

(വൗച്ചർ നമ്പർ - 22101027/29-03-22-494700/-

വൗച്ചർ നമ്പർ - 22101028/29-03-22-18500/-)

മേൽ പ്രോജക്ട് പ്രകാരം 494700 രൂപ ബെയിലിങ്ങ് മെഷീൻ വാങ്ങുന്നതിനും, 18500/- രൂപ വെയിംഗ് സ്കെയിൽ വാങ്ങുന്നതിനും വിനിയോഗിച്ചിട്ടുണ്ട്. രണ്ട് സാധനങ്ങളും GeM മുഖേനയാണ് വാങ്ങിയത്. ഹൈഡ്രോളിക് ബെയിലിംഗ് മെഷീൻ Duo Machines Corporation എന്ന സ്ഥാപനത്തിൽ (ഇൻവോയിസ് നം.GT/254-23.2.22) നിന്നും വേയിംഗ് സ്കെയിൽ Jeeyam Industries എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ജി.ഒ(ആർ.ടി) നം.469/2020/എൽ.എസ്.ജി.ഡി തി. 25-02-20 നം. ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി ക്ലീൻ കേരള കമ്പനി നിശ്ചയിച്ചിട്ടുള്ള ടെക്നിക്കൽ സ്പെസിഫിക്കേഷൻ ഉണ്ടെന്ന് ഉറപ്പുവരുത്തിയതിന്റെ രേഖകൾ ഇല്ല.

ബെയിലിങ്ങ് മെഷീന്റെ ഇൻവോയിസിൽ ഒരു വർഷത്തെ വാറണ്ടി പിരീയഡാണ് ഉള്ളത്. മെഷീൻ ഇൻസ്റ്റാൾ ചെയ്തതിന്റെ റിപ്പോർട്ട് ലഭ്യമല്ല. ഒരു വർഷം മാത്രം വാറണ്ടിയുള്ള മെഷീന്റെ വാറണ്ടി കാലാവധിക്കുള്ളിൽ മെഷീൻ സ്ഥാപിച്ച് പ്രവർത്തിപ്പിക്കാതിരുന്നാൽ വാറണ്ടിയുടെ ആനുകൂല്യം നഷ്ടമാകുന്നതാണ്.

അസി.സെക്രട്ടറി സൂക്ഷിച്ചിട്ടുള്ള എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം എം സി എഫിൽ ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനും ത്രീ ഫേസ് കണക്ഷൻ ലഭ്യമാക്കുന്നതിനുമായി 2022 വർഷത്തിൽ 175000/- രൂപയുടെ പ്രവർത്തിക്ക് കരാറുകാരനുമായി എഗ്രിമെന്റ് ചമച്ചിട്ടുണ്ട്. ത്രീഫേസ് കണക്ഷൻ നാളിതുവരെയും ലഭ്യമായിട്ടില്ല.

ബെയിലിങ്ങ് മെഷീന്റെ പ്രവർത്തനം സംബന്ധിച്ച് നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/27.12.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

3 ഫേസ് കണക്ഷൻ ലഭ്യമാകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് ബെയ്ലിങ്ങ് മെഷീൻ പ്രവർത്തിപ്പിച്ചു തുടങ്ങേണ്ടതാണ്. മെഷീന്റെ പ്രവർത്തനം കൃത്യമായി മോണിറ്റർ ചെയ്യേണ്ടതും തുടർപരിപാലനം ഉറപ്പുവരുത്തേണ്ടതുമാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 എസ് എസ് എ വിഹിതം നല്കിയത്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് നം - 83/22-എസ് എസ് എ വിഹിതം

അടങ്കൽ- 1053049 (വികസന ഫണ്ട് - ജനറൽ)

ചെലവ് - ബിൽ നം 1/2.8.21- 1053049 രൂപ

നിർവഹണ ഉദ്യോഗസ്ഥ- എച്ച്. എം, ജി. എൽ. പി. എസ്, കോഴിപ്പാറ

2021-22 വർഷത്തിൽ എച്ച്. എം നടപ്പാക്കിയ എസ്.എസ്.എ വിഹിതം പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും 1053049 എസ് എസ് കെ പാലക്കാടിന് അനുവദിച്ചിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്. (എൻക്വയറി 18/27.12.22- മറുപടി ലഭ്യമായില്ല)

1-20 STവിദ്യാർത്ഥികൾക്ക് മേശ,കസേര വാങ്ങൽ- വിതരണം അപൂർണം

പ്രൊജക്ട് നം - 35/22- STവിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങൽ

അടങ്കൽ- 358059 (വികസന ഫണ്ട് - ടി. എസ്. പി)

ചെലവ് - ബിൽ നം 3/24.3.22- 358059 രൂപ

KADCO- Invoice No: NRO/SALES/825/21.3.2022- 362833

(Payment Limited To 358059 Rupees)

നിർവഹണ ഉദ്യോഗസ്ഥ- എച്ച്. എം, ജി. എൽ. പി. എസ്, കോഴിപ്പാറ

(A) 2021-22ൽ എച്ച്. എം, ജി. എൽ. പി. എസ്, കോഴിപ്പാറ നടപ്പാക്കിയ STവിദ്യാർത്ഥികൾക്ക് മേശ,കസേര വാങ്ങൽ എന്ന പദ്ധതിയ്ക്കായി KADCO എന്ന സ്ഥാപനത്തിൽ നിന്നും 76 വിദ്യാർത്ഥികൾക്കുള്ള മേശയും കസേരയും വാങ്ങിയിട്ടുണ്ട്. ഓഡിറ്റിനായി ലഭ്യമാക്കിയ ഫയലിൽ വിതരണവിവരം അപൂർണമാണ്. 75 വിദ്യാർത്ഥികൾക്ക് ഫർണീച്ചർ നല്കിയതിന്റെ മാത്രമാണ് കൃത്യമായ രേഖകളുള്ളത്, ശേഷിക്കുന്നവയുടെ വിതരണരേഖകൾ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. വിതരണരേഖകൾ ഹാജരാക്കുന്നതുവരെ ഒരു മേശയുടെയും കസേരയുടെയും വില 4711 രൂപ തടസ്സപ്പെടുത്തുന്നു.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നറിയിച്ച് നല്കിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (എൻക്വയറി നം-17/27.12.22)

1-21 സമഗ്ര അങ്കണവാടി പോഷകാഹാരം-സ്രോതസ്സിൽ നിന്നും ജി എസ് ടി കുറവ് ചെയ്തില്ല

2021-22 ൽ സമഗ്ര അങ്കണവാടി പോഷകാഹാരം എന്ന പേരിൽ രണ്ട് പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ- ഐ.സി.ഡി.എസ് സൂപ്പർവൈസർ

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 12/22 | അങ്കണവാടി പോഷകാ ഹാരം ജനറൽ | 3200000 (2500000 – വികസന ഫണ്ട്, 700000- കേന്ദ്രാവിഷ്കൃത ഫണ്ട്) | 3199783 (2499783- വികസന ഫണ്ട് , 700000- കേന്ദ്രാവിഷ്കൃത ഫണ്ട്) |
| 2 | 210/22 | അങ്കണവാടി പൂരക പോഷകാ ഹാരം- എസ് സി പി | 390700 ( വികസന ഫണ്ട്- എസ്.സി.പി -340700+ കേന്ദ്രാവിഷ്കൃത ഫണ്ട് -50000 ) | 50000(കേന്ദ്രാവിഷ്കൃത ഫണ്ട് ) |

പ്രൊജക്ടുകളുടെ ഭാഗമായി അമൃതം ന്യൂട്രിമിക്സ് കിഡ്സ് ലവർ, അമൃതം ഫുഡ്സ്, ഒറ്റപ്പാലം എന്ന സ്ഥാപനത്തിൽ നിന്നും , ആരോഗ്യ മിക്സ് ആരോഗ്യ അമൃതം ഫുഡ്സ് , തെക്കേദേശം, നല്ലേപ്പിള്ളി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിനുള്ള വില വിവിധ ബില്ലുകളിലായി താഴെ പറയും പ്രകാരം തുക അനുവദിച്ചുനൽകിയിട്ടുണ്ട്

| പ്രൊജക്ട് നം | ബിൽ നം. /തീയതി, തുക | അമൃതം ന്യൂട്രിമിക്സിനുള്ള വില(കിഡ്സ് ലവർ അമൃതം | ആരോഗ്യ മിക്സിനുള്ള വില (ആരോഗ്യ അമൃതം |
|---|---|---|---|

| | | | |
|---|---|---|---|
| | | ഫുഡ്സ്,ഒറ്റപ്പാലം) | ഫുഡ്സ് , തെക്കേദേശം ) |
| 12/22 | 1/12.8.21- 400064 | 1)909/12.4.21-116865<br>2)923/7.5.21- 138400<br>3)941/14.6.21- 139421 | -- |
| | 2/12.8.21- 401187 | -- | 1)627/15.4.21-14738<br>2)632/5.5.21-14798<br>3)644/9.6.21-14868 |
| | 4/ 12.8.21- 144981 | 894/10.3.21-143035 | -- |
| | 5/12.8.21- 144996 | -- | 1)600/3.2.21-13764<br>2)618/6.3.21- 14432 |
| | 6/25.8.21- 142108 | 954/16.7.21-140201 | -- |
| | 7/25.8.21- 132563 | -- | 1)642/19.7.21-88160<br>2)653/19.7.21-13946<br>3)643/19.7.21-30228 |
| | 9/10.9.21- 136379 | 966/5.8.21-121495 | -- |
| | 12/11.1.22- 49368 | -- | 678/12.10.21-15590 |
| | 13/11.1.22- 138558 | -- | 667/6.9.21-14008 |
| | 14/11.1.22- 120446 | 982/13.9.21-118849 | -- |
| | ചെക്ക് നം-5103089/8-2-22-473918 (കേന്ദ്ര വിഹിതം) | 1003/18.10.21-139429.50 | -- |
| | ചെക്ക് നം-5103092/30-3-22-276082(കേന്ദ്ര വിഹിതം-ജനറൽ-226082) | 1)1066/9.2.22-112896<br>2)1042/6.1.22- 110470 | -- |
| 210/22 | 5103092/30-3-22-276082(കേന്ദ്ര വിഹിതം- എസ് സി- 50000) | -- | 1)702/7.1.22-15652<br>2)694/6.12.21-15226<br>687/10.11.21-14616 |
| | ആകെ | 1281062/- | 280026/- |

തൻവർഷം അമൃതം ന്യൂട്രിമിക്സിനായി 1281062 രൂപയും ,ആരോഗ്യ മിക്സിനായി 280026 രൂപയും നല്കിയിട്ടുണ്ട്. 5 % ജി.എസ്.ടി (CGST-2.5%, SGST-2.5%) കൂടി ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ളത്.

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല.

ഈ വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നല്കിയതിന് മറുപടി ലഭ്യമായില്ല. (21/28.12.22). ജി.എസ്.ടി ടി.ഡി.എസ് നടത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 അങ്കണവാടി കെട്ടിടങ്ങൾ- ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

2021-22 സാമ്പത്തിക വർഷത്തിൽ നടത്തിയ കെട്ടിടങ്ങളുടെ ഫിറ്റ്നസ്സ് പരിശോധന റിപ്പോർട്ടനുസരിച്ച് ആകെയുള്ള 27 അങ്കണവാടികളിൽ 19 എണ്ണം മാത്രമാണ് ഫിറ്റ് ആയവ. പുതിയതായി നിർമിച്ച മൂന്ന സെന്ററുകളുടെ ആദ്യ ഫിറ്റ്നസ്സ് പരിശോധന ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ് എന്നും മറ്റുള്ള കെട്ടിടങ്ങളുടെ കേടുപാടുകൾ മൂലം ഫിറ്റ്നസ്സ് നല്കാൻ യോഗ്യമല്ല എന്നും വടകരപ്പതി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

വാർഷിക കണക്കിലെ ബാലൻസ്ഷീറ്റ് B-4 അനുസരിച്ച് കേന്ദ്രവിഹിതം 1209163 രൂപ നീക്കിയിരിപ്പുണ്ട്. ഇത് അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഉപയോഗിക്കാവുന്നതാണ് .

## 1-23 ലൈഫ് ഭവനം - ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമാണം- അധികം തുക അനുവദിച്ചു

പ്രൊജക്റ്റ് നം - 20/22- ലൈഫ് ഭവനം - ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമാണം

അടങ്കൽ- 17540460 (വികസന ഫണ്ട്-ജനറൽ-3140460+10400000-സംസ്ഥാന വിഹിതം+ 2000000-ബ്ളോക്ക് വിഹിതം + 2000000- ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് - 6510000 (വികസന ഫണ്ട്-ജനറൽ-1810000+4260000-സംസ്ഥാന വിഹിതം+ 280000-ബ്ളോക്ക് വിഹിതം + 160000- ജില്ലാ പഞ്ചായത്ത് വിഹിതം)

നിർവഹണ ഉദ്യോഗസ്ഥൻ- വി.ഇ. ഒ -II

2021-22 വർഷത്തിൽ വി.ഇ. ഒ നടപ്പാക്കിയ ലൈഫ് ഭവനം - ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമാണം പദ്ധതിയിലൂടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. പദ്ധതിയിലുൾപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് നല്കിയ തുകയുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്ന വിധത്തിലല്ല രേഖകൾ സൂക്ഷിച്ചിരിക്കുന്നത്. ഇവർക്ക് തുക ലഭിച്ചിട്ടുണ്ടോ എന്നത് വ്യക്തമാക്കുന്നതിനായി ബാങ്ക് സ്റ്റേറ്റ്മെന്റ് സഹിതം രേഖകൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ലൈഫ് ലിസ്റ്റിലെ ക്രമ നം | പേര്, മേൽവിലാസം | അക്കൗണ്ട് നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | 910795 | ബിന്ദു ജയപ്രകാശ് , മഞ്ചക്കുന്ന്, ആട്ടയാംപതി | 0835108020762 | നല്കിയ തുക, തിയതി ,ഗഡുക്കളുടെ വിവരങ്ങൾ ലഭ്യമാക്കണം |
| 2 | 912195 | ജോസഫീൻ മദലമേരി D/o പാക്യം, പരിശിക്കൽ | 0835108019585 | വാച്ച് രജിസ്ററർ അനുസരിച്ച് 420000(40000+160000+100000+60000+60000*) *നല്കിയ അവസാന ഗഡു തുക തിരുത്തലുകൾ മൂലം വ്യക്തമല്ല. * -20000 രൂപ അധികം |
| 3 | 908210 | ശശികല, വിജയൻ(L) മോനോൻപാറ | 6419764572 | ആകെ അനുവദിച്ച തുക അവ്യക്തം |

| | | | | |
|---|---|---|---|---|
| 4 | 912413 | ജോൺസി W/oരാജരത്തിനം കണക്കൻകളം | 6129500244 | ആകെ 460000 രൂപ അനുവദിച്ചു (40000+160000+100000+60000+40000+ 60000*)<br>*- 60000 രൂപ അധികം അനുവദിച്ചു |

ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച തീയതി വാച്ച് രജിസ്റ്ററിൽ ചിലയവസരങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല . ടി തീയതികളിൽ ട്രഷറി ബിൽ കോപ്പി പ്രകാരം വിതരണം ചെയ്ത തുക , നല്കിയ ആകെ തുക എന്നിവയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഗുണഭോക്താക്കൾക്ക് അർഹമായ നിരക്കിലുള്ള ഗഡുക്കളായി മാത്രം തുക അനുവദിക്കേണ്ടതും, മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള 80000 രൂപ അധികം നല്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കുകയും ചെയ്യേണ്ടതാണ്. ഇതേക്കുറിച്ച് എൻക്വയറി (നം 15/27.12.22) നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ രേഖപ്പെടുത്തലുകളുടെ അഭാവത്തിൽ അധികം നല്കിയ തുക നിർണ്ണയിക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ആയതിനാൽ അധിക തുക തിരികെ ഈടാക്കി കൃത്യമായ ചെലവ് രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ 80000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 PMAY പദ്ധതിയ്ക്ക് വിഹിതം നല്കിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ് നം -148/22- PMAY വിഹിതം അനുവദിക്കൽ

അടങ്കൽ-1960000(വികസന ഫണ്ട്- ജനറൽ)

ചെലവ് -1960000 (വികസന ഫണ്ട്- ജനറൽ)

ബിൽ നം 29 /6-10-2021- 1600000രൂപ

ബിൽ നം 30/6-10-2021- 80000രൂപ

ബിൽ നം 34/7-1-2022- 280000രൂപ

നിർവഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ-2

PMAY പദ്ധതിയ്ക്കായി ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിലേക്ക് വിഹിതം നല്കിയ 1960000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ബ്ലോക്കിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്.(എൻക്വയറി നം-16/27.12.22-മറുപടി ലഭിച്ചില്ല)

## 1-25 വി ഇ ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ - വാങ്ങൽ നടപടിയിൽ അപാകം

പ്രൊജക്റ്റ് നം - 201/22- വി ഇ ഒ ഓഫീസിലേക്ക് ഫർണീച്ചർ, ടോയ്‌ലെറ്റ് നവീകരണം

അടങ്കൽ- 200000 (മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് )

ചെലവ് - ബിൽ നം 52/25.3.22- 65082 രൂപ

ബിൽ നം 53/30.3.22- 134839 രൂപ

SIDCO- Invoice No: PKD /21-22/151/24.3.2022- 134839

Invoice No: PKD /P1/21-22/686/9.3.2022- 65082

നിർവഹണ ഉദ്യോഗസ്ഥൻ-വി ഇ ഒ-2

2021-22 വർഷത്തിൽ വി ഇ ഒ-2 നടപ്പാക്കിയ വി.ഇ.ഒ ഓഫീസിലേക്ക് ഫർണീച്ചർ, ടോയ് ലെറ്റ് നവീകരണം എന്ന പദ്ധതിയിലൂടെ ഫർണീച്ചർ, കമ്പ്യൂട്ടർ, പ്രിന്റർ, യു പി എസ് എന്നിവ ടെണ്ടർ കൂടാതെ SIDCO യിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. GeM ലൂടെ ഇവ വാങ്ങുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിരുന്നോ എന്നത് വ്യക്തമാക്കേണ്ടതാണ്. സ്റ്റീൽ , മരം ഫർണീച്ചർ, ആശുപത്രി ഫർണീച്ചർ

എന്നിവ (അംഗീകൃത റേറ്റ് കോൺട്രാക്ട് പ്രകാരമുള്ളവ) ടെണ്ടർ കൂടാതെ സപ്ലൈ ചെയ്യുന്നതിനും ഫർണിഷിങ്ങ് പ്രവൃത്തികൾക്കുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതിനും SIDCO യ്ക്ക് സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ അംഗീകാരമുണ്ട്. ടെണ്ടർ പോലുള്ള നടപടികൾ ഇല്ലാതെ ഫർണിഷിങ്ങ് പ്രവൃത്തികൾക്കുള്ള നോഡൽ ഏജൻസിയായ സിഡ്കോയിൽ നിന്നും കമ്പ്യൂട്ടർ, പ്രിന്റർ, യു പി എസ് എന്നിവ നേരിട്ട് വാങ്ങിയത് ശരിയായ രീതിയല്ല. സ്റ്റോർ പർചേസ് ഡിപ്പാർട്ട്മെന്റിന്റെ ഓർഡർ നം ജി ഒ(ആർ ടി)നം 49/2019/SPD, 14-11-21, സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 9.23ൽ ഉൽപാദനം ആരംഭിച്ച് അഞ്ചു വർഷം കഴിഞ്ഞ സർക്കാർ വകുപ്പുകളുടെ യൂണിറ്റുകൾ, സംസ്ഥാന പൊതുമേഖലാ വ്യവസായങ്ങൾ എന്നിവയുടെ ഉൽപ്പനങ്ങൾ വാങ്ങുവാൻ സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരം ടെണ്ടർ ക്ഷണിക്കണമെന്ന് വ്യവസ്ഥയിൽ ഇളവ് 13.11,21 വരെ നല്കിയിട്ടുണ്ട്. ഈ ഇളവുകളെല്ലാം സ്ഥാപനം സ്വയം നിർമിക്കുന്ന വസ്തുക്കൾ വിൽക്കുന്നതിനും പി.എം.സി ആയി പ്രവൃത്തിക്കുന്നതിനുമുള്ള അനുമതിയാണ്

ഓഡിറ്റ് നിർദേശം

നിർവഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളിൽ പ്രത്യേകം പരാമർശിച്ചിട്ടില്ലാത്ത സന്ദർഭങ്ങളിൽ സ.ഉ.നം 259/2010 ത.സ്വ.ഭ.വ , തിയതി 8-11-2010, പ്രോക്യൂർമെന്റ് മാർഗരേഖയാണ് ബാധകം. കമ്പ്യൂട്ടർ പോലുള്ള വസ്തുക്കൾ വാങ്ങുന്നതിനായി നിലവിലെ സർക്കാർ നിർദേശം പ്രകാരമുള്ള വാങ്ങൽ രീതി അവലംബിക്കേണ്ടതും, അവ വാങ്ങുന്നതിനായി സ്ഥാപനങ്ങളുടെ അർഹത, തെരഞ്ഞെടുപ്പ് രീതി എന്നിവയിൽ സർക്കാർ നിർദേശം പാലിക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ അർഹത പരിഗണിച്ച് മാത്രം നേരിട്ടുള്ള വാങ്ങലുകൾ/നിർവഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-26 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികൾക്കായി ആകെ 30520198/- രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 34% റോഡ് മെയിന്റനൻസിനും, 27% നോൺ റോഡ് മെയിന്റനൻസിനും വകയിരുത്തിയിട്ടുണ്ട്. മറ്റ് പ്രവൃത്തികൾക്ക് 39%വും വകയിരുത്തിയിട്ടുണ്ട്.

I.റോഡ്/റോഡിതര മെയിന്റനൻസ്, വികസന ഫണ്ട് വിനിയോഗം

1.റോഡ് മെയിന്റനൻസ് ഫണ്ടിനത്തിൽ 10414610 രൂപ വകയിരുത്തി 50 പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 36 പ്രൊജക്ടുകൾക്ക് 8975675/- രൂപ (വകയിരുത്തിയ തുകയുടെ 86%) തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ടാറിംഗ് പ്രവൃത്തികൾക്കു പുറമെ റീകോൺക്രീറ്റിങ്ങും നിർവ്വഹിച്ചിട്ടുണ്ട്.

2. റോഡിതര മെയിന്റനൻസ് ഫണ്ടിനത്തിൽ 8199769/- രൂപ വകയിരുത്തി 19 പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 13 പ്രൊജക്ടുകൾക്കായി 5772684/- രൂപ (വകയിരുത്തിയ തുകയുടെ 70%) ചെലവഴിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായുള്ള വകയിരുത്തലിലും, തുകകൾ ചെലവഴിക്കുന്നതിലും ഏറെക്കുറെ ലക്ഷ്യം കൈവരിച്ചിട്ടുണ്ട്.

3. മറ്റ് പ്രവൃത്തികൾക്കായി വികസന ഫണ്ട്, കേന്ദ്രാവിഷ്കൃതം, സംസ്ഥാനാവിഷ്കൃതം എന്നിവ ഉൾപ്പെടെ 11905819 രൂപ വകയിരുത്തി 24 പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 17 പ്രൊജക്ടുകൾക്ക് 4591873/- രൂപ (വകയിരുത്തിയ തുകയുടെ 38%) തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

II.സാമ്പത്തിക വർഷം ഫണ്ട് വകയിരുത്തി നടപ്പിലാക്കാത്ത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം | പദ്ധതി | അടങ്കൽ | ഫണ്ട് |
|---|---|---|---|---|
| 1 | S0117 | ആട്ടയാംപതി ശ്മശാനം എസ്.സി കോളനി മുതൽ വിനായകൻ കോവിൽ വരെ റീടാറിംഗ് | 487858 | മെയിന്റനൻസ് ഫണ്ട് |

| | | | | |
|---|---|---|---|---|
| 5 | 40 | ടി.ഇ.എൽ.സി ചർച്ചിന് മുൻവശം ഡ്രൈനേജ്, കൾവർട്ട് | 210000 | ടി |
| 6 | 41 | ശംകുതിപ്പള്ളം റോഡ് കൾവർട്ട് | 469800 | ടി |
| 7 | 77 | വേലന്താവളം അങ്കണവാടി ചുറ്റുമതിൽ | 300000 | മെയിന്റനൻസ് ഫണ്ട്-റോഡിതരം |
| 8 | 78 | എരുമക്കാരനൂർ അങ്കണവാടി ചുറ്റുമതിൽ | 300000 | മെയിന്റനൻസ് ഫണ്ട്-റോഡിതരം |
| 9 | 81 | ആയുർവ്വേദ ആശുപത്രിക്ക് ചികിത്സാമുറി | 600000 | ടി |
| 10 | 171 | പൊതുകിണറുകളുടെ നവീകരണം | 619360 | സി.എഫ്.സി |
| 11 | 172 | സ്കൂളുകളിൽ സാനിട്ടറി കോംപ്ലക്സ്(ജി.യു.പി.എസ് മേനോൻപാറ) | 300000 | സംസ്ഥാനാവിഷ്കൃതം |
| 12 | 188 | കോഴിപ്പാറ സബ്സെന്റർ നവീകരണം | 200000 | മെയിന്റനൻസ് ഫണ്ട്-റോഡിതരം |

മേൽ പദ്ധതികൾക്ക് തുക വകയിരുത്തി അവ നടപ്പാക്കാതിരുന്ന സാഹചര്യം വിശദമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം- 10/26.12.22)

III.ആസ്തി രജിസ്റ്റർ കാലികമാക്കൽ

തൻ വർഷം റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വികസന ഫണ്ടിൽ നിന്നും 51000 രൂപ വകയിരുത്തി 40000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊജക്ട് പിന്നീട് സ്പിൽ ഓവറായി നടപ്പിലാക്കി First Level Tracking പൂർത്തീകരിച്ചിട്ടുണ്ട് എന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം-2/24.12.22 )

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ ആസ്തികളുടെ വിവരം കാലികമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

2. സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയിന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിനുശേഷം ആസ്തി സംരക്ഷണ പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

3. റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി വകയിരുത്തുന്ന തുക സമയബന്ധിതമായി ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

5. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

1-27 എസ്റ്റിമേറ്റ് തയ്യാറാക്കൽ - കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്

സാമ്പത്തിക വർഷം മിക്ക പദ്ധതികളുടെയും എസ്റ്റിമേറ്റ് നിർവ്വഹണഘട്ടത്തിൽ അടങ്കലിൽത്തന്നെ പരിമിതപ്പെടുത്തി ഭേദഗതി ചെയ്തിട്ടുണ്ട്.

പദ്ധതി ഭേദഗതി ചെയ്തതിന്റെ ചില ഉദാഹരണങ്ങൾ

| ക്രമ നം | പ്രൊജക്ട് നം | പ്രൊജക്ട് | അടങ്കൽ | ചെലവ് | എസ്റ്റിമേറ്റ് റിവിഷന്റെ കാരണം |
|---|---|---|---|---|---|
| 1 | S0115/22 | കോഴിപ്പാറ സന്ധ്യാഗ്ഗ അപ്പർ കോവിൽ സ്ട്രീറ്റ് റോഡ് റീടാറിംഗ്, കൾവർട്ട്, അപ്രോച്ച് റോഡ് കോൺക്രീറ്റ് | 486000 മെയിന്റനൻസ് ഫണ്ട് (റോഡ്) | 359314 | റീടാറിങ്ങിനെക്കാൾ കലുങ്ക് നിർമ്മാണത്തിന്റെ ആവശ്യകത ഉള്ളതിനാൽ |
| | 71/22 | എരുമക്കാരന്നൂർ വിൻസെന്റ് വീട് മുതൽ ലിന്റോ വീട് വരെ ഡ്രൈനേജ്, കൾവർട്ട് | 309800 | 308188 | Earth Work ചെയ്യുന്നതിനായി സ്ഥലത്തെത്തിയപ്പോൾ പാറയുള്ളതിനാൽ Dowel Bar അടിച്ച് കലുങ്ക് ചെയ്യുന്നതിനായി എസ്റ്റിമേറ്റ് ഭേദഗതി ചെയ്യേണ്ടി വന്നു. |
| 2 | 126/22 | വേലന്താവളം ബസ് സ്റ്റാൻഡിലെ കടകളുടെ മെയ്റ്റനൻസ് | 400000 | 377399 | പഞ്ചായത്ത് ഭരണസമിതിയുടെ നിർദ്ദേശ പ്രകാരം വരാന്ത പണിയുന്നതിനുള്ള അധിക പ്രവൃത്തി കൂടി ഉൾപ്പെടുത്തി. |
| 3 | 100/22 | ഒഴലപ്പതി എഫ്.എച്ച്.സി കുടിവെള്ള ടാങ്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ | 500000 | 499148 | Over Head Tank ന് പകരം Ground Level Tank നിർമ്മിക്കാൻ ഡോക്ടറുടെ നിർദ്ദേശ പ്രകാരം |
| 4 | 73/22 | കെരമ്പാറ സ്കൂൾ ടോയ് ലെറ്റ് വാട്ടർ ടാങ്ക് നിർമ്മാണം | 700000 | 698433 | കെട്ടിട നിർമ്മാണത്തിലെ വ്യത്യാസം |

| | | | | | |
|---|---|---|---|---|---|
| 5 | 173/22 | കള്ളിയമ്പാറ സബ് സെന്റർ മെയ്ന്റനൻസ് | 200000 | 199977 | പദ്ധതി നിർവ്വഹണത്തിനായി സ്ഥലം പരിശോധിച്ചപ്പോൾ സബ് സെന്റർ അധികൃതരുടെ നിർദ്ദേശ പ്രകാരം വളരെ അത്യാവശ്യമായി ചെയ്യേണ്ട വാട്ടർ ടാങ്ക്, മോട്ടോർ എന്നിവയുടെ മെയ്ന്റനൻസ് അധികമായി ചെയ്യേണ്ടി വന്നു. |
| 6 | 175 | മേനോൻപാറ ഗവ.യു.പി സ്കൂൾ മെയ്ന്റനൻസ് | 867343 | 866553 | മേനോൻപാറ ഗവ.യു.പി സ്കൂൾ കെട്ടിടത്തിനു മുൻവശം ഇന്റർലോക്ക് ടൈൽ ഇടുന്നതിനും, കെട്ടിടത്തിനു മുകളിൽ ഷീറ്റ്ഇടുന്നതിനും, സെറാമിക് ടൈൽ ഇടുന്നതിനും എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. |
| 7 | 122/22 | FHC Lab, Immunisation Lab നവീകരണം | 300000 | 299114 | മെഡിക്കൽ ഓഫീസർ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ മറ്റ് അത്യാവശ്യ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടി വന്നു. |
| 8 | 174/22 | പഞ്ചായത്ത് മീറ്റിങ്ങ് ഹാളും, അനുബന്ധ കെട്ടിടങ്ങളുടെയും നവീകരണം | 683320 | 465584 | കെട്ടിട മെയ്ന്റനൻസിൽ മറ്റ് അത്യാവശ്യ പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടി വന്നു. |

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ (പി) 13/2012/PWD/1.02.2012 സെക്ഷൻ1601.1.1 പ്രകാരം ഒരു പ്രവൃത്തിയ്ക്കായി പ്രിലിമിനറി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മരാമത്തിന്റെ തൃപ്തികരമായ പൂർത്തീകരണത്തിനാവശ്യമായ എല്ലാ വശങ്ങളും ഉൾപ്പെടുത്തിയ Preliminary Project Report, Specifications, Site Conditions, Site Plan And Layout Drawings, AE's Certificate (That The Preliminary Estimate Has Been Prepared By Me After The Insp Ection And Provisions Included Are Essentially Required And Adequate For The Proper Completion Of Work.), Land Availability Certificate എന്നിവ

ഉൾപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം വിശദമായി പരിശോധിച്ച് വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് മിക്ക എസ്റ്റിമേറ്റുകളും തയ്യാറാക്കിയിരിക്കുന്നത്. മതിയായ സ്ഥല പരിശോധനയോ പഠനങ്ങളോ ഇല്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്യുന്നത് മൂലം എസ്റ്റിമേറ്റ് ഭേദഗതി വരുത്തുന്നതിനും പ്രവൃത്തി നീണ്ടു പോകുന്നതിനും ഇടയാക്കുന്നു.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ച് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ശൊരപ്പാറ പുതിയ അങ്കണവാടി നിർമ്മാണം -പൊളിച്ചു മാറ്റിയ സാമഗ്രികളുടെ ലേല നടപടികൾ സ്വീകരിക്കേണ്ടതാണ്

കാലപഴക്കം കൊണ്ട് നിലവിലുള്ള അങ്കണവാടി പ്രവർത്തിക്കുവാൻ പറ്റാത്ത അവസ്ഥയിലായതിനാൽ പഴയ കെട്ടിടം പൊളിച്ചു പുതിയതായി നിർമ്മിക്കുന്നതിനാണ് പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണം – അസി.എഞ്ചിനീയർ

പ്രൊജക്റ്റ് നം. 113/22 – ശൊരപ്പാറ പുതിയ അങ്കണവാടി നിർമ്മാണം

അടങ്കൽ -₹1200000 – സി.എഫ്.സി

ചെലവ് - ₹716261

ഫൈനൽ ബിൽ നം. 5/16-12-21 -₹154400

അളവു പുസ്തകം 25/19-20, 5/21-22

PAC - ₹1006997.09

കരാറുകാരൻ - ശ്രീ. ദിനേഷ്.യു

മേൽ പ്രവൃത്തിയിൽ നിലവിലുള്ള കെട്ടിടത്തിന്റെ പൊളിച്ചു മാറ്റിയ ഇനങ്ങൾ വാല്യുവേഷൻ നടത്തിയിട്ടുണ്ടെങ്കിലും ലേല നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

ഈ പ്രവൃത്തിയിൽ എക്സ്ട്രാ ഇനം (1), (2), (3), (5), (6) എന്നിവ പ്രകാരം പൊളിച്ചു മാറ്റിയ Serviceable Materials ഉപയോഗയോഗ്യമായവ സ്റ്റാക്കു ചെയ്യുന്നതിനും അല്ലാത്തവ നീക്കം ചെയ്യുന്നതിനുമാണ് തുക നൽകിയിരിക്കുന്നത്. താഴെ പറയും പ്രകാരം വാല്യുവേഷൻ നടത്തിയ ഇനങ്ങൾ എവിടെയാണ് സ്റ്റാക്ക് ചെയ്തിട്ടുള്ളതെന്ന് എം-ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ആയവ ലേല നടപടികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം- 3/24.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഇനം | ചെയ്ത അളവ് | നിരക്ക്/₹ | തുക ₹ | മെഷർമെന്റ് ബുക്ക് പ്രകാരം വാല്യുവേഷൻ നടത്തിയ ഇനങ്ങൾ |
|---|---|---|---|---|---|
| 1 | E1 – 15.31-Dismantling Tiled Roofing With Battens, Boarding Etc. Complete | 50.68m2 | 118.38/m2 | 5999.95 | Tiles – 245 Nos. (M.B Pg No-1) |
| 2 | E2-15.17-Dismantling | 495kg | 1.369 | 677.655 | Scrap 495kg (M.B Pg |

| | | | | | |
|---|---|---|---|---|---|
| | Steel Work In Single Section Including Dismembering & Stacking Within 50m Lead | | | | No-2) |
| 3 | E3-15.7.4 Demolishing Brick Work | 14.83 Cu.m | 1155.9 | 17141.99 | Bricks - 1065 Nos. |

മേൽ പ്രകാരമുള്ള സാമഗ്രികളുടെ വിനിയോഗം/ ആയവ പഞ്ചായത്തിലേക്ക് കൈമാറി ലേലനടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലതാമസം - പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല

സാമ്പത്തിക വർഷം പൂർത്തീകരിച്ച താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 ജി.ഒ(പി) 13/2012 PWD/1.02.12 വ്യവസ്ഥകൾ അനുസരിച്ചല്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസി. എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുൻപായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരന്റെ പിഴവു മൂലം കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ , കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിന്മേൽ ഭരണസമിതിയുടെ അനുമതി വാങ്ങി PACയുടെ 1% വരെ ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കേണ്ടതാണ്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിക്കു ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ചതിനു ശേഷമാണ് കരാറുകാരന് തുക നൽകാവുന്നത്.

നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതിരുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസി. എഞ്ചിനീയർ മുഖേന നൽകിയിട്ടില്ല. കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. പ്രവൃത്തി ദീർഘിപ്പിച്ചതിന്നാധാരമായ ഭരണസമിതി തീരുമാനം ഫയലിൽ ഇല്ല. 2018-19 വർഷം ആരംഭിച്ച പ്രവൃത്തികൾ 2021-22 വരെയും ദീർഘിപ്പിച്ച നടപടി അംഗീകരിക്കാവുന്നതല്ല.

സാമ്പത്തിക വർഷം ഫൈനൽ ബിൽ അനുവദിച്ച താഴെപ്പറയുന്ന സ്പിൽ ഓവർ പ്രവൃത്തികളുടെ നിർവ്വഹണം പൂർത്തീകരണ സമയവും കഴിഞ്ഞാണ് ആരംഭിച്ചിട്ടുള്ളത്. പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികമായിട്ടുണ്ട്. പൂർത്തീകരണ കാലതാമസത്തിന് താഴെ പറയും പ്രകാരം പിഴ ഈടാക്കിയത് കുറവാണ്. പി.എ.സിയുടെ നിശ്ചിത ശതമാനത്തിനു പകരം ഫൈനൽ ബിൽ തുകയെ മാത്രം അടിസ്ഥാനപ്പെടുത്തിയാണ് പിഴ ഈടാക്കിയിട്ടുള്ളത്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീ കരിക്കേണ്ടി | പ്രവൃത്തി ആരംഭിച്ച തീയതി | പൂർത്തീ കരിച്ച തിയതി | ഈടാക്കേണ്ടി യിരുന്ന പിഴ | ഈടാക്കിയ പിഴ | കുറവ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | യിരുന്ന തിയതി | | | | | |
| 1 | 113/22 -ശൊരപ്പാറ പുതിയ അങ്കണവാടി നിർമ്മാണം<br>അടങ്കൽ - 1200000വികസന ഫണ്ട് (സി.എഫ്.സി) PAC- 1006997<br>കരാറുകാരൻ - ശ്രീ.ദിനേഷ്.വി<br>എഗ്രിമെന്റ് നം-33/27.12.18<br>അളവു പുസ്തകം - 5/21-22<br>ഫൈനൽ ബിൽ - 5/16.12.21<br>തുക - 154400<br>പൂർത്തീകരണ കാലാവധി - 6 മാസം | 30-6-2019 | 10-04-2019 | 23-02-2021 | 30210 | 4632 (3%) | 25578 |
| 2 | So128/22 – CSM Street Irish Drainage നിർമ്മാണം<br>അടങ്കൽ - 230000- മെയ്ന്റനൻസ് ഫണ്ട് (റോഡ്) PAC- 230000<br>കരാറുകാരൻ - ശ്രീ.വിനോദ്.എസ്<br>എഗ്രിമെന്റ് നം-6/27.08.20<br>അളവു പുസ്തകം - 78/20-21<br>ഫൈനൽ ബിൽ - 22/13.01.22<br>തുക - 6570<br>പൂർത്തീകരണ കാലാവധി - 6 | 31.03.21 | 27.08.20 | 6.07.21 | 4600 | 132(2%) | 4468 |

| | | | | | | | |
|---|---|---|---|---|---|---|---|
| | മാസം | | | | | | |
| 3 | So132/22 – ചുണ്ണാമ്പുക്കൽത്തോട് റോഡ് റീടാറിംഗ്<br>അടങ്കൽ - 250000- മെയ്ന്റനൻസ് ഫണ്ട് (റോഡ്)<br>PAC- 250000<br>കരാറുകാരൻ – ശ്രീ.ഗുരുവായൂരപ്പൻ<br>എഗ്രിമെന്റ് നം-28/9.09.20<br>അളവ് പുസ്തകം – 97/20-21<br>ഫൈനൽ ബിൽ – 19/13.01.22<br>തുക - 154617<br>പൂർത്തീകരണ കാലാവധി - 6 മാസം | 31.03.21 | 10.12.21 | 28.12.21 | 5000 | 3093 (2%) | 1907 |
| 4 | So115/22 – കോഴിപ്പാറ സന്ധ്യാഗു അപ്പർ കോവിൽ സ്ട്രീറ്റ് റോഡ് റീടാറിംഗ്, കൾവർട്ട്, അപ്രോച്ച് റോഡ് കോൺക്രീറ്റ്<br>അടങ്കൽ - 486000- മെയ്ന്റനൻസ് ഫണ്ട് (റോഡ്)<br>PAC- 486000<br>കരാറുകാരൻ – ശ്രീ.വിനോദ്.എസ്<br>എഗ്രിമെന്റ് നം-24/28.09.19<br>അളവ് പുസ്തകം – 44/19-20<br>ഫൈനൽ ബിൽ – 62/30.03.22<br>തുക – 220551 | 31.05.21 | 28.09.19 | 14.03.22 | 14580 (3%) | - | 14580 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പൂർത്തീകരണ കാലാവധി - 8 മാസം | | | | | | |
| | | | | | | ആകെ | 46533/ |

പിഴയിനത്തിലെ കുറവ് 46533/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്.

പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കരാർ ഒപ്പ് വെക്കുന്ന വേളയിൽത്തന്നെ രേഖപ്പെടുത്തേണ്ടതും, അതനുസരിച്ച് നിർവ്വഹണം പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. (ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് & എഞ്ചിനീയറിങ്ങ് വിങ്ങ് ചീഫ് എഞ്ചിനീയറുടെ നം. ഇ4/104212020/സി.ഇ/ത.സ്വ.ഭ.വ തീയതി 20.10.2020 നമ്പർ സർക്കുലർ)

1-30 വേലന്താവളം ബസ് സ്റ്റാൻഡിലെ കടമുറികളുടെ വിനിയോഗ സാധ്യത പരിശോധിക്കേണ്ടതാണ്

പ്രൊജക്റ്റ് നം - 126/22 - വേലന്താവളം ബസ് സ്റ്റാൻഡിലെ കടമുറികളുടെ നവീകരണം

അടങ്കൽ - 400000

-മെയ്ന്റനൻസ് ഫണ്ട് (റോഡിതരം)
കരാറുകാരൻ - ശ്രീ.ശക്തിവടിവേൽ

എഗ്രിമെന്റ് നം-25/20-21/9.09.20

അളവു പുസ്തകം - 160/21-22

ഫൈനൽ ബിൽ - 42/9.03.22

തുക - 377399

നിർവ്വഹണം - അസി.എഞ്ചിനീയർ

2020-21 ജനകീയാസൂത്രണ പദ്ധതി പ്രകാരം നിർവ്വഹിച്ച മേൽ പദ്ധതിയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വേലന്താവളം ബസ് സ്റ്റാൻഡിലെ 6 കടമുറികൾ, 2 വെയ്റ്റിങ്ങ് ഷെഡ്ഡുകൾ എന്നിവ നവീകരിച്ചിട്ടുണ്ട്. പ്രസ്തുത കടമുറികളുടെ നിലവിലെ വിനിയോഗം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-8/26.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ അവ വിനിയോഗിക്കുന്നില്ലെന്ന് എക്സിറ്റ് മീറ്റിങ്ങ് വേളയിൽ പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്.

കടമുറികൾ വിനിയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 21.12.2022 മുതൽ 27.12.2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്,ചിറ്റൂർ | 2021-22 | 303264 | നെൽകൃഷി കൂലിച്ചെലവ് | 303264 | 0 |
| | 2021-22 | 124530 | പെയിൻ &പാലിയേറ്റീവ് | 124530 | 0 |
| | 2021-22 | 280000 | ലൈഫ് മിഷൻ (ജനറൽ)-20/22 | 280000 | 0 |
| | 2021-22 | 320000 | ലൈഫ് മിഷൻ (എസ്.സി)-21/22 | 320000 | 0 |
| | 2021-22 | 625000 | ലൈഫ് മിഷൻ (എസ്.സി)-90/22 | 625000 | 0 |
| | 2021-22 | 200000 | ലൈഫ് മിഷൻ (ടി.എസ്.പി)-22/22 | 200000 | 0 |
| | | 874247 | ലൈഫ് മിഷൻ | 0 | 874247 |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2021-22 | 214830 | നെൽകൃഷി കൂലിച്ചെലവ് | 214830 | 0 |
| | 2021-22 | 160000 | ലൈഫ് മിഷൻ -ജനറൽ-20/22 | 160000 | 0 |
| | 2021-22 | 320000 | ലൈഫ് മിഷൻ (എസ്.സി)-21/22 | 320000 | 0 |
| | 2021-22 | 625000 | ലൈഫ് മിഷൻ (എസ്.സി)-90/22 | 625000 | 0 |
| | . | 4561032 | ലൈഫ് മിഷൻ | 0 | 4561032 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

സാമ്പത്തിക വർഷം നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ - ലൈഫ് പദ്ധതി | - | 65600000 | 60450666 | 5690666 | - | 54760000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 54499/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-15 | 40099 | ശ്രീമതി ദീപ.കെ അസി.എഞ്ചിനീയർ | 12102010126/13.9.21 |
| | | *14400 | | 121100900020/14.12.21 |
| | ആകെ | 54499/- | | |

* 14400/-രൂപയുടെ അടവ് വിവരം ലഭ്യമാക്കിയിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-5 | | | | |
| 2007-08 | 3-2 | 2009-10 | 3.7.4.1 | റഗുലേറ്റഡ് മാർക്കറ്റ്- പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചില്ല | സമിതി വിഷയം പരിഗണിച്ചിട്ടില്ല. |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 16019126 |
| ഓഡിറ്റ് വർഷത്തെ വരവ് | 88778208 |
| ആകെ | 104797334 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 89227928 |
| നീക്കിയിരിപ്പ് | 15569406 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 84711/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | നഷ്ടം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-20 | 4711 | ശ്രീമതി ഗ്രേസ് ആന്റോ രജിത ഹെഡ് മിസ്ട്രസ്സ് |
| 1-23 | 80000 | ശ്രീ.കൃഷ്ണദാസ്. പി |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-29മേനോൻപാറ ഗവ. | 46533 | ശ്രീമതി അണിമ സുഭാഷ്, അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഗ്രേസ് ആന്റോ രജിത ഹെഡ് മിസ്ട്രസ്സ് | ഹെഡ് മിസ്ട്രസ്സ്, GLPS,കോഴിപ്പാറ, വടകരപ്പതി ഗ്രാമപഞ്ചായത്ത് | ഗ്രാന്റോ വില്ല, മേനോൻപാറപി.ഒ പാലക്കാട്- 678556 |
| ശ്രീമതി അണിമ സുഭാഷ്, | അസി.എഞ്ചിനീയർ എളംകുളം | രജിത് ഭവൻ, ചുനക്കരനോർത്ത്, |

| | | |
|---|---|---|
| അസി.എഞ്ചിനീയർ | ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട | മാവേലിക്കര പി.ഒ, ആലപ്പുഴ-690534 |
| ശ്രീ കൃഷ്ണദാസ്. പി വി.ഇ.ഒ | വി.ഇ.ഒ, പുതുശ്ശേരി ഗ്രാമപഞ്ചായത്ത് | കൈകാട്ടിഹൗസ്, എരുത്തേമ്പതി പി.ഒ, പാലക്കാട് -678555 |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി8/676/98/ 19.3.1999 | 10 |
| 1997-98 | എൽ.എഫ്.പി8/921 /98/21.11.2005 | 27 |
| 1998-99 | എൽ.എഫ്.പി12/839 /2001/5.9.2001 | 9 |
| 1999-00 | കെ.എസ്.എ-പി.കെ.ഡി 11/1898/2022/18.11.2022 (ഓഡിറ്റ് അദാലത്ത്) | 0 |
| 2000-01 (പദ്ധതിഒഴികെ) | ടി | 0 |
| 2001-02 (പദ്ധതിഒഴികെ) | ടി | 0 |
| 2000-01 & 2001-02 (പദ്ധതി) | ടി | 3 |
| 2002-03 (പദ്ധതിഒഴികെ) | ടി | 0 |
| 2002-03 (പദ്ധതി) | ടി | 2 |
| 2003-04 (വരവ്) | ടി | 0 |
| 2003-04 (ചെലവ്) | ടി | 1 |
| 2004-05 (വരവ്) | ടി | 0 |
| 2004-05 (ചെലവ്) | ടി | 2 |
| 2005-06 | ടി | 1 |
| 2006-07 | ടി | 1 |
| 2007-08 | ടി | 2 |
| 2008-09, 2009-10 & 2010-11 | ടി | 4 |
| 2011-12 | കെ.എസ്.എ.പി.കെ.ഡി.11/1865 /17/18.1.18 | 11 |
| 2012-13 | കെ.എസ്.എ.പി.കെ.ഡി.11/ 539/2018/21.3.18 | 17 |
| 2013-14 To 2014-15 | കെ.എസ്.എ.പി.കെ.ഡി.11/ 1273/2018/30.8.2018 | 26 |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.11/ 961/2018/7.6.18 | 10 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.11/ 960/18/7.6.18 | 21 |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ.പി.കെ.ഡി.11/ 2391/18/5.2.19 | 22 |
| 2018-19 | കെ.എസ്.എ-പികെഡി- 11-1225/2019/31.10.2019 | 24 |
| 2019-20 | കെ എസ് എ പി കെ ഡി –11/1424/2021/27.11.2021 | 18 |
| 2020 - 21 | കെ എസ് എ പി കെ ഡി-11/1425/21/8.12.21 | 48 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure - 3

## വാർഷിക ധനകാര്യ പത്രിക

| Vadakarapathy Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31st March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 36827638.05 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 118033377.00 |
| | Total Reserve & Surplus | | 154861015.05 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 12322644.00 |
| | Total Grants, Contributions for Specific Purposes | | 12322644.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 54760000.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 54760000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1982561.00 |
| 341000000 | Deposits | B-8 | 0.0 |

| | | | |
|---|---|---|---|
| | Works | | |
| 350000000 | Other Liabilities | B-9 | 1320833.95 |
| | Total Current Liabilities and Provisions | | 3303394.95 |
| | TOTAL LIABILITIES | | 225247054.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 136677869.00 |
| 411000000 | Accumulated Depreciation | B-11 | -4654200.00 |
| 412000000 | Capital Work in Progress | B-11(a) | 787529.00 |
| | Total Fixed Assets | | 132811198.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 14424141.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 53980000.00 |

| Vadakarapathy Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5948690.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 39456.00 |
| 140000000 | Fee & User Charges | I-4(b) | 1453096.00 |
| 150000000 | Sale & Hire Charges | I-5(b) | 179301.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 187016493.00 |
| 171000000 | Interest Earned | I-8 | 208078.00 |
| 180000000 | Other Income | I-9 | 145582.00 |
| | Total Income | | 194990696.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12376130.00 |
| 220000000 | Administrative Expenses | I-11(b) | 3242671.00 |
| 230000000 | Operations & Maintenance | I-12(b) | 4417642.00 |
| 240000000 | Interest & Finance Charges | I-13 | 1713.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5134769.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 89450186.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2533603.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 810000.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 66071472.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 9299981.00 |
| | Total Expenditure | | 193338167.00 |
| | Gross Surplus / Deficit of income over Expenditure | | 1652529.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -68926.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1721455.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

Vadakarapathy Grama Panchayat Receipt And Payment Statement

For the period from 01-April-2021 To 31-March-2022

| *Code* | *Head Account* | *Schedule* | *Amount(Rs.)* |
|---|---|---|---|
| Opening Balance | | | |
| | Bank | RP-40(a) | 16,019,126.00 |
| | Cash | RP-40(a) | 0.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1,171,700.00 |
| 140000000 | Fees & User Charges | RP-4 | 531,696.00 |
| 150000000 | Sale & Hire Charges | RP-5 | 115,850.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 57,488,635.00 |
| 171000000 | Interest Earned | RP-9 | 208,078.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 15,564,845.00 |
| 350000000 | Other Liabilities | RP-36 | 366,359.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 370,150.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 145,582.00 |
| 340000000 | Deposits Received | RP-34 | 108,770.00 |
| 350000000 | Other Liabilities | RP-36 | 216,874.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 12,017,894.00 |
| 460000000 | Loans, Advances and Deposits | RP-47 | 471,775.00 |
| Grand Total 104,797,334.00 | | | |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 4,206,615.00 |
| 220000000 | Administrative Expenses | RP-12 | 3,242,671.00 |
| 230000000 | Operations & Maintenance | RP-13 | 4,101,518.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 4,134,769.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 29,914,105.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 3,533,603.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 810,000.00 |
| 254000000 | Expenditures of Transferred | RP-19 | 1,317,572.00 |

| | | | |
|---|---|---|---|
| | Institutions and State Sponsored Schemes (not in | | |
| 255000000 | Maintenance Projects | RP-20 | 8,849,002.00 |
| 280000000 | Prior Period Item | RP-26 | -7,320.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 779,200.00 |
| 350000000 | Other Liabilities | RP-36 | 8,982,207.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 1,713.00 |
| 280000000 | Prior Period Item | RP-26 | -3,750.00 |
| 340000000 | Deposits Received | RP-34 | 143,932.00 |
| 350000000 | Other Liabilities | RP-36 | 3,033,079.00 |
| 410000000 | Fixed Assets | RP-38 | 2,312,002.00 |
| 412000000 | Capital Work In Progress | RP-40 | 5,588,030.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4,237,829.00 |
| 440000000 | Pre-paid Expenses | RP-45 | 1,800,000.00 |
| 460000000 | Loans, Advances and Deposits | RP-47 | 2,251,151.00 |
| Closing Balance | | | |
| | Bank | RP-40(b) | 15,324,573.00 |
| | Cash | RP-40(b) | 244,833.00 |
| Grand Total 104,797,334.00 | | | |

ഡെപ്യൂട്ടി ഡയറക്ടർ